ഇരുപതാം നൂററാണ്ട് പുകവലിക്കാരുടേതാണ്. ഇരുപത്തൊന്നാം നൂററാണ്ട് പൊടിവലിക്കാരുടേതായിരിക്കുമോ? അങ്ങനെ ആക്കുന്നതിനുള്ള ഒരു സംഘടിതശ്രമമാണ് ഇക്കഴിഞ്ഞ വേനല്ക്കാലത്ത് ബ്രിട്ടനിലെ പുകയിലപ്പൊടിനിർമ്മാതാക്കൾ പത്രപ്പരസ്യങ്ങളിലൂടെ നടത്തിയത്.

22 ജനുവരി, 1984

# 97. പുകവലി

ലോകത്തിൽ ഏററവും അധികം പ്രശസ്തിയുള്ള വൈദ്യശാസ്ത്രജ്ഞരുടെ സംഘടനയാണ് ബ്രിട്ടനിലെ 'റോയൽ കോളേജ് ഓഫ് ഫിസിഷ്യൻസ്.' ഈ സംഘടനയിൽ ഒരു അംഗം (എം. ആർ. സി. പി.) ആവുക എന്നതു് ഒരു കാലത്തു് ഇന്ത്യയിലെ വൈദ്യശാസ്ത്രവിദ്യാർത്ഥികളുടെ മുഴുവൻ സ്വപ്നമായിരുന്നു. പുകവലിമൂലം ജനങ്ങളുടെ ആരോഗ്യത്തിനുണ്ടാകുന്ന ആപത്തുകളെപ്പററി 'റോയൽ കോളേജി'ന്റെ നാലാമത്തെ റിപ്പോർട്ട് ഈയിടെ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ബ്രിട്ടനിൽ ആകെയുള്ളതു് അഞ്ചുകോടി അറുപതുലക്ഷത്തോളം ജനങ്ങളാണ്. ഇവരിൽ ഒരു ലക്ഷത്തോളം ജനങ്ങൾ പുകവലിമൂലം അവിടെ ആണ്ടുതോറും അകാലമരണം പ്രാപിക്കുന്നുണ്ടത്രേ. പഴയകാലത്തു് പ്ലേഗ് മുതലായ പകർച്ചവ്യാധികൾകൊണ്ടു സംഭവിച്ചിരുന്ന കൂട്ടമരണത്തോടു് പുകവലിനിമിത്തം ഉണ്ടാകുന്ന കൂട്ടമരണത്തെ താരതമ്യപ്പെടുത്താമെന്നു് 'റോയൽ കോളേജ്' കരുതുന്നു. കോളറ, ഡിഫ്തീരിയ, പോളിയോ, ക്ഷയം എന്നീ രോഗങ്ങളുടെ നിവാരണത്തിനു് പണ്ടു കൊടുത്തിരുന്ന പ്രാധാന്യം പുകവലി നിവാരണത്തിനും ബ്രിട്ടീഷ് ഗവണ്മെൻറ് നല്കേണ്ടതാണ് എന്നു് ഈ വൈദ്യശാസ്ത്രസംഘടന നിസ്സന്ദേഹമായി പ്രഖ്യാപിക്കുന്നു. മദ്യപാനംകൊണ്ടോ, റോഡപകടങ്ങൾകൊണ്ടോ, ആത്മഹത്യകൊണ്ടോ, മറേറതെങ്കിലും ബാഹ്യകാരണങ്ങൾകൊണ്ടോ മരിക്കുന്നവരേക്കാൾ എത്രയോ കൂടുതൽ ആളുകൾ വർഷംതോറും പുകവലിമൂലം ബ്രിട്ടനിൽ മരിക്കുന്നു. പ്രകടമല്ലാത്ത ഹോമബലി (ഹിഡെൻ ഹോളോകാസ്റ്റ്) എന്നു് റോയൽ കോളേജ് പുകവലിയെ വിശേഷിപ്പിക്കുന്നു.

'ഇംഗ്ലണ്ടിലെ യുവാക്കളും പുരുഷന്മാരുമായ ആയിരം പുകവലിക്കാരിൽ ഒരാൾ കൊലപ്പെടുത്തപ്പെടാൻ സാദ്ധ്യതയുണ്ട്; ആറുപേർ റോഡപകടങ്ങളിൽ മരിക്കാൻ സാദ്ധ്യതയുണ്ട്. അതേസമയം ഇരുനൂററമ്പതുപേർ പുകയിലവിഷം ബാധിച്ച് അകാലമരണമടയാൻ സാദ്ധ്യതയുണ്ട്' എന്നു് 'റോയൽ കോളേജ്' പറയുന്നു. അതായതു്, നാലു പുകവലിക്കാരിൽ ഒരാളുടെ മരണം ത്വരിപ്പിക്കുന്നതിൽ പുകയില മുഖ്യമായ പങ്കുവഹിക്കുന്നു!

പുകവലികൊണ്ടുള്ള ആപത്തു് പുകവലിക്കുന്നവർക്കുമാത്രമല്ല, പ്രത്യേകിച്ച് സ്ത്രീകളെയും കുട്ടികളെയും ഈ ആപത്തു് ഗണ്യമായ തോതിൽ പിടികൂടുന്നു.

> 'ഒരുത്തൻ പാപകർമ്മം ചെയ്യുന്നു, ലതിൻ ഫലം
> പരക്കെയുള്ള മഹാജനങ്ങൾക്കൊക്കെത്തട്ടും'

എന്നു പറഞ്ഞതു് പുകവലിയെ സംബന്ധിച്ചിടത്തോളം വളരെ പരമാർത്ഥമാണ്. പുകവലിക്കുന്ന ഭർത്താക്കന്മാരുടെ പുകവലിക്കാത്ത ഭാര്യമാർക്ക് ശ്വാസകോശാർബുദം ഉണ്ടാവാനുള്ള സാദ്ധ്യത വളരെ അധികമാകുന്നു.

ഗർഭകാലത്തു് പുക ഉൾക്കൊള്ളുന്ന അമ്മമാരുടെ കുട്ടികളുടെ പില്ക്കാല വളർച്ച തടയപ്പെടുന്നു.

പുകവലിക്കാരുടെ കുട്ടികൾക്കു് നെഞ്ചുരോഗങ്ങൾ ഉണ്ടായിക്കാണുന്നതു് സാധാരണയത്രേ. ഈ കുട്ടികൾക്കു്, ബാല്യത്തിൽ, തുല്യപ്രായക്കാരായ മററു (പുകവലിക്കാത്തവരുടെ) കുട്ടികളേക്കാൾ പൊക്കം കുറവായിരിക്കും. പുകവലിക്കാരുടെ പതിനൊന്നു വയസ്സായ കുട്ടികൾ ബുദ്ധിപരമായ വളർച്ചയിൽ ആറോ ഏഴോ മാസം പുറകിലായിരിക്കുമെന്നും തെളിയിക്കപ്പെട്ടിട്ടുണ്ടു്.

പുകവലിയെപ്പററി 'റോയൽ' കോളേജിന്റെ ആദ്യത്തെ റിപ്പോർട്ട് ബ്രിട്ടീഷ് ഗവണ്മെൻറിനു സമർപ്പിക്കപ്പെട്ടതു് 1962–ൽ ആയിരുന്നു. ശ്വാസകോശാർബുദവും പുകവലിയും തമ്മിലുള്ള ബന്ധം ആദ്യമായി, ആധികാരികമായി പ്രഖ്യാപിക്കപ്പെട്ടതു് ഈ റിപ്പോർട്ടിലാണു്. 1971–ൽ സമർപ്പിക്കപ്പെട്ട രണ്ടാം റിപ്പോർട്ടിൽ പുകവലിനിമിത്തം ശ്വാസകോശാർബുദത്തിനുപുറമെ വേറെയും പല രോഗങ്ങളും ഉണ്ടാകുന്നുണ്ടെന്നു പ്രസ്താവിക്കപ്പെട്ടു. 1977–ൽ സമർപ്പിക്കപ്പെട്ട മൂന്നാമത്തെ റിപ്പോർട്ട് പുകവലിയുടെ ദൂഷ്യഫലങ്ങൾ കുറയ്ക്കുന്നതിനായി ഏഴു ശുപാർശകൾ ബ്രിട്ടീഷ് ഗവണ്മെൻറിന്റെ മുന്നിൽ വയ്ക്കുകയുണ്ടായി. 1. കുട്ടികൾക്കിടയിൽ പുകവലി നിരുത്സാഹപ്പെടുത്താനായി വ്യാപകമായ പ്രചാരണം നടത്തുക, 2. ആരോഗ്യ സേവന ഉദ്യോഗസ്ഥന്മാർക്കിടയിൽ പുകവലി നിയന്ത്രിക്കുക, 3. പൊതുസ്ഥലങ്ങളിൽ പുകവലി നിയന്ത്രിക്കുക, 4. പുകയിലയുടെ വില്പന പ്രോത്സാഹിപ്പിക്കുന്നതിനുള്ള പരിപാടികൾ ക്രമേണ കുറച്ചുകൊണ്ടുവരികയും ഒടുവിൽ തീരെ നിർത്തുകയും ചെയ്യുക, 5. ടാർ, നിക്കോട്ടിൻ എന്നിവ കൂടുതലുള്ള തരം സിഗരററുകളുടെ വില താരതമ്യേന ഉയർത്തുക, 6. അത്തരം സിഗരററുകൾ വേഗത്തിൽ അങ്ങാടിയിൽനിന്നു പിൻവലിക്കുക, 7. പുകവലിയുടെ ദൂഷ്യങ്ങൾ സംബന്ധിച്ച ഗവേഷണം വിപുലമാക്കുക എന്നിവയായിരുന്നു ഈ ശുപാർശകൾ. ആറുവർഷംമുമ്പു സമർപ്പിച്ച ഈ ശുപാർശകളിൽ ഒന്നു മാത്രമേ ബ്രിട്ടീഷ് സർക്കാർ ഇതുവരെയും നടപ്പിൽ വരുത്തുകയുണ്ടായുള്ളു എന്നു് 'റോയൽ കോളേജ്' അതിന്റെ നാലാമത്തെ റിപ്പോർട്ടിൽ പരാതിപ്പെടുന്നു. പുകയിലയുടെ വില്പന പ്രോത്സാഹിപ്പിക്കുന്ന പരസ്യങ്ങളും മററും തീരെ നിരോധിക്കണമെന്നും, വർഷംതോറും പുകയിലനികുതി നിരന്തരമായി വർദ്ധിപ്പിച്ചുകൊണ്ടുവരണമെന്നും, സിഗരററിലെ ടാർ, നിക്കോട്ടിൻ, കാർബൺ മോണോക്സൈഡ് എന്നിവ പരമാവധി കുറയ്ക്കണമെന്നും ഈ റിപ്പോർട്ടിൽ റോയൽ കോളേജ് ആവശ്യപ്പെടുന്നുണ്ടു്.

'പുകവലിമൂലം ഉണ്ടാകുന്ന രോഗങ്ങളും അകാലമരണവും തികച്ചും തടയാവുന്നവയാണു്. 'ഒഴിവാക്കാവുന്ന ഈ ഹോമബലി' തടയുന്നതിനു വേഗത്തിലും ഉദ്ഗ്രഥിതമായും ഗവണ്മെൻറ് പ്രവർത്തിക്കുമെന്നാണു് സാധാരണനിലയിൽ കരുതേണ്ടതു്. പക്ഷേ, നിർഭാഗ്യമെന്നു പറയട്ടെ, വാസ്തവം നേരെ മറിച്ചാണു്' എന്നു് 'റോയൽ കോളേജി'ന്റെ റിപ്പോർട്ട് തുടരുന്നു. പുതിയനിയമങ്ങൾ നിർമിച്ചു് പുകവലിയെ നിയന്ത്രിക്കുന്നതിനു് തങ്ങൾ സമ്മർദം ചെലുത്തുമെന്നു് 'റോയൽ കോളേജി'ലെ തലമുതിർന്ന അംഗങ്ങൾ പറയുന്നു. റിപ്പോർട്ടിൽ ഒപ്പിട്ടവരിൽ ഒരാളും, ലണ്ടൻ യൂണിവേഴ്സിററിയിൽ പകർച്ചവ്യാധി ചികിത്സാവിഭാഗത്തിൽ (ക്ലിനിക്കൽ എപ്പിഡെമിയോളജി) മുൻ പ്രൊഫസറും ആയ ഡോക്ടർ ചാർലസ് ഫ്ളെച്ചർ പറയുന്നതു്, 'രാഷ്ട്രീയക്കാർക്കു് ആരോഗ്യത്തിൽ ഒരു ശ്രദ്ധയുമില്ല. സ്വന്തം ആരോഗ്യത്തിലല്ലാതെ' എന്നാണു്. സിഗരററുവലി നിരോധിച്ചതുകൊണ്ടു് അവർക്കു് തെരഞ്ഞെടുപ്പിൽ ജയിക്കാൻ പററുകയില്ല. മാത്രമല്ല, ഒരുപാടു പണം സംഭാവന

യായി കൊടുക്കുന്ന സിഗരറ്റ്നിർമാതാക്കളുമായുള്ള അവരുടെ ബന്ധം ഇതുനിമിത്തം അലങ്കോലപ്പെടുകയും ചെയ്യും' എന്ന് ഡോക്ടർ ഫ്ളെച്ചർ തുടർന്നു പറയുന്നു. പുകയിലവ്യവസായികൾ ബ്രിട്ടനിൽ ആണ്ടുതോറും സിഗരറ്റ് പരസ്യത്തിന് പത്തുകോടി പവൻ ചെലവഴിക്കുന്നു. ഇതു് ബ്രിട്ടനിലെ ആരോഗ്യ വിദ്യാഭ്യാസ കൗൺസിലിന്റെ വാർഷിക ബജറ്റിന്റെ പത്തിരട്ടിയാണ്. അതേസമയം, പുകവലികൊണ്ടുണ്ടായ രോഗങ്ങൾ ചികിത്സിക്കാനായി 1981-ൽ ആരോഗ്യസേവന വകുപ്പ് പതിനഞ്ചരക്കോടി പവൻ ചെലവാക്കിയതായി കണക്കാക്കപ്പെടുന്നു. ബ്രിട്ടനിലെ ആരോഗ്യമന്ത്രിയായ ജോൺ പാറൻ പറയുന്നതു്, ഒരു സ്വതന്ത്ര സമൂഹത്തിനുള്ളിൽ ചുമത്താവുന്ന നിയന്ത്രണങ്ങളെല്ലാം ബ്രിട്ടീഷ് ഗവണ്മെന്റ് പുകവലിയുടെമേൽ ചുമത്തുന്നുണ്ടെന്നും, അതിന് ഫലം കാണുന്നുണ്ടെന്നുമാണ്. കഴിഞ്ഞ നാലുവർഷങ്ങളിൽ അവിടെ സിഗരറ്റ് വില്പനയിൽ ഇരുപതു് ശതമാനം കുറവുവന്നിട്ടുണ്ടത്രേ. 'പുകവലിക്കാരുടെ അവകാശങ്ങൾ' സംരക്ഷിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഒരു 'പുകവലിസ്വാതന്ത്ര്യസംഘം' സമർപ്പിച്ച നിവേദനം ഈ മന്ത്രി സ്വീകരിക്കുകയുണ്ടായി! പുകയില—ഉപദേശക സമിതി (ടുബാക്കോ അഡ്വൈസറി കൗൺസിൽ) എന്ന സർക്കാർസ്ഥാപനമാണെങ്കിൽ റോയൽ കോളേജിന്റെ റിപ്പോർട്ടിന് ഒരു വിലയും കല്പിച്ചിട്ടില്ല. പുകയിലനികുതിയിൽനിന്ന് സർക്കാരിനു കിട്ടുന്ന വരുമാനത്തിലുണ്ടാകാവുന്ന കുറവോ, പുകയിലവ്യവസായത്തിലേർപ്പെട്ട രണ്ടുലക്ഷം ആളുകളുടെ തൊഴിലോ 'റോയൽകോളേജ്'' കണക്കിലെടുത്തിട്ടില്ല എന്നായിരുന്നു ഈ സമിതിയുടെ പ്രതികരണം. ഇതിൽ അത്ഭുതവുമില്ല. പുകവലിയുടെ കാര്യത്തിൽ ഇന്ത്യയിലെ കേന്ദ്ര-സംസ്ഥാന ഗവണ്മെന്റുകളുടെ നിലപാടും ഏറെക്കുറെ ഇതുതന്നെയല്ലേ?

(ലണ്ടൻ ടൈംസിൽ പ്രസിദ്ധീകരിച്ചിരുന്ന ഒരു റിപ്പോർട്ടിൽനിന്നെടുത്തവയാണ് ഈ കുറിപ്പിനാധാരമായ വസ്തുതകൾ.)

15 ജനുവരി, 1984

## 98. ക്യാൻസർ ചെലവില്ലാതെ!

മുൻകൂട്ടി ബെർത്ത് റിസർവ് ചെയ്താലും, മിക്കപ്പോഴും നരകമാണ് നമ്മുടെ തീവണ്ടികളിൽ രണ്ടാം ക്ലാസ്സിലുള്ള യാത്ര. ഇത്തവണ എനിക്ക് കിട്ടിയതു്, മീതേക്കു മീതേയുള്ള മൂന്നു സ്ലീപ്പർബെർത്തുകളിൽ നടുവിലത്തേതു് ആയിരുന്നു. വിജാഗരികളിൽ കീഴ്പോട്ടു തൂങ്ങിക്കിടക്കുന്ന ഈ ബെർത്ത് എന്ന മരപ്പലക യഥാസ്ഥാനത്തു് ഉറപ്പിച്ചുനിർത്തുന്നതു്, മുകളിലെ ബെർത്തിൽനിന്നു ഞാന്നു കിടക്കുന്ന രണ്ടു ചങ്ങലകളിൽ കെട്ടിയ കൊളുത്തുകൾ ആണല്ലോ. എന്റെ ബെർത്തിലെ തുളകളിൽ കയറാതെ ഈ കൊളുത്തുകൾ പിണങ്ങി അകന്നു നിൽക്കുകയായിരുന്നു. അതിനാൽ വണ്ടി കുലുങ്ങുമ്പോഴെല്ലാം കൊളുത്തുകളുടെ അയഞ്ഞ പിടിവിട്ട് പലക കീഴ്പോട്ട് തൂങ്ങി താഴെ കിടക്കുന്ന യാത്രക്കാരന്റെ നെഞ്ചിൽ ചെന്ന് അടിക്കുമെന്നും, ഞാൻ ഉരുണ്ട്, ബെർത്തുകൾക്കുനടുവിൽ നിരത്തിവെച്ച സാമാനങ്ങൾക്കുമേൽ വീഴുമെന്നും ആയിരുന്നു എന്റെ ഭയം. ഈ ഭയംനിമിത്തം പാതിരാത്രിക്ക് വണ്ടിയിൽ കയറിയതുമുതൽ പുലരുംവരെ എനിക്ക് ഉറങ്ങാൻ കഴിഞ്ഞില്ല. പക്ഷേ, ആരോടു പറയാൻ? ഇരിക്കാൻ സ്ഥല